## പതിമൂന്നാം കേരള നിയമസഭ
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 5310** **25/10/2011-ൽ മറുപടിക്ക്**

## വിദ്യാഭ്യാസ രംഗത്ത് ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിന് നടപടി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ബെന്നി ബെഹനാൻ :<br>" എ. റ്റി. ജോർജ് :<br>" വി. റ്റി. ബൽറാം :<br>" ഐ. സി. ബാലകൃഷ്ണൻ : | ശ്രീ. പി.കെ. അബ്ദുറബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) വിദ്യാഭ്യാസരംഗത്ത് ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനും പഠന കേന്ദ്രങ്ങളുടെ മികവ് ഉറപ്പു വരുത്തുന്നതിനും എന്തെല്ലാം നടപടികളാണ് കൈക്കൊള്ളാനുദ്ദേശി ക്കുന്നത്; | എ) അവധിക്കാല അദ്ധ്യാപക പരിശീലനം, മെച്ചപ്പെട്ട പാഠപുസ്തക വിതരണം, സ്കോളർഷിപ്പുകളുടെ വിതരണം, ഐ.സി.റ്റി.യുടെ സഹായത്തോടെയുള്ള ക്ലാസുകൾ, അദ്ധ്യാപക തുടർ പരിശീലനം, തൽസ്ഥല പിൻതുടർ സംവിധാനം, അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കൽ, ഗുണമേന്മയുള്ള വിദ്യാഭ്യാസം കുട്ടികളുടെ അവകാശം എന്നീ പദ്ധതികൾ സർക്കാർ സ്കൂളുകളുടെ അധ്യയന നിലവാരം മെച്ചപ്പെടുത്തുന്നതിനായി നടപ്പിലാക്കി വരുന്നു. കൂടാതെ എസ്.സി.ഇ.ആർ.ടി. യുടെ ആഭിമുഖ്യത്തിൽ നിരന്തരവും സമഗ്രവുമായ മൂല്യ നിർണ്ണയ പ്രക്രിയ കാര്യക്ഷമ മാക്കുന്നതിനും, അധ്യാപകരുടെ ശാക്തീകരണം ഉറപ്പാക്കുന്നതിനും, ഗുണമേന്മ നേടുന്നതിനുള്ള ഗവേഷണ പ്രവർത്തനങ്ങളും, സ്പെഷ്യൽ സ്കൂളുകളിലെ ഗുണനിലവാരം ഉറപ്പാക്കുന്നതിനുള്ള പാഠ്യപദ്ധതി, adaptation, അധ്യാപക ശാക്തീകരണം, നിരന്തര മൂല്യനിർണ്ണയം ശക്തിപ്പെടുത്തൽ, എന്നിവയും സർവ്വ ശിക്ഷാ അഭിയാന്റെ നേതൃത്വത്തിൽ പ്രത്യേക ഗ്രാന്റുകളുടെ ഫലപ്രദമായ വിനിയോഗം ഉറപ്പാക്കൽ, സമഗ്ര വിദ്യാലയ വികസനപ്ലാൻ (WSDP), BaLA |

(......2)

(Buildings, Learning Aid)
പ്രവർത്തനങ്ങൾ, ഹെൽപ്ഡെസ്കുകൾ, പഠന വീടുകൾ എല്ലാ ഹയർ സെക്കണ്ടറി അദ്ധ്യാപകർക്കും വർഷം തോറും 3 ദിവസത്തെ സമഗ്രപരിശീലനം എന്നിവയും നടപ്പിലാക്കി വരുന്നു. വി.എച്ച്.എസ്.ഇ. സ്കൂളുകളുടെ അധ്യയന നിലവാരം മെച്ചപ്പെടുത്തുന്നതിന് പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി, ഓൺ ദി ജോബ് ട്രെയിനിംഗ്, പ്രൊഡക്ഷൻ കം ട്രെയിനിംഗ് സെന്ററുകൾ മോഡൽ വി.എച്ച്.എസ്. സ്കൂളുകൾ, ഫിനിഷിംഗ് സ്കൂളുകൾ, അദ്ധ്യാപക പരിശീലനം, റെമഡിയൽ കോച്ചിംഗ് എന്നിവയും നടപ്പാക്കി വരുന്നു.

| | | | |
|---|---|---|---|
| ബി) | പ്രസ്തുത ലക്ഷ്യം നേടുന്നതിനായി 12-ാം പഞ്ചവത്സര പദ്ധതിയുടെ സമീപനരേഖയിൽ ഇവ ഉൾപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ; | ബി)യും സി)യും | ഇപ്പോൾ പരിഗണനയിലില്ല. |
| സി | പഞ്ചവത്സര പദ്ധതിയിൽ പ്രസ്തുത ഇനങ്ങൾക്ക് പ്രഥമ പരിഗണന നല്കുമോ? | | |

സെക്ഷൻ ഓഫീസർ